പ്രധാനപ്പെട്ട നെൽക്കൃഷിമേഖല. നെൽക്കൃഷി വികസന ഏജൻസിയുടെ പരിധിയിൽ വരാത്ത പ്രദേശങ്ങളിലും നെൽക്കൃഷി സംരക്ഷണത്തിനുവേണ്ടി യിട്ട് ഗവൺമെന്റിന് ഉദ്ദേശമുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശി ച്ചതുപോലെ-അതായത് കൊല്ലം ജില്ലയുടെ കുറച്ചുഭാഗങ്ങൾ മാത്രമേ ഓണാ ട്ടുകര നെൽക്കൃഷി വികസന ഏജൻസിയുടെ ഭാഗം വരുന്നുള്ളൂ. കൊല്ലം ജില്ലയുടെ മറ്റു ഭാഗങ്ങൾ ഒരു ഏജൻസിയുടേയും പരിധിയിൽ വരുന്നില്ല, അതുകൊണ്ട്-ആ പ്രദേശത്തെ നെൽക്കൃഷി സംരക്ഷിക്കുന്നതിനുവേണ്ടിയും അവിടെ കൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും വേണ്ടി നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അതിനുള്ള സഹായസ ഹകരണങ്ങൾ ഗവൺമെന്റ് നൽകുന്നതാണ്.

7 (*261) റെയിൽവേ പാതകളുടെ വൈദ്യുതീകരണം

ശ്രീ. എം.വി. ജയരാജൻ :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എം.എ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന റെയിൽവേ പാതകളുടെ വൈദ്യുതീക രണ പദ്ധതിക്ക് കേന്ദ്രസർക്കാരും വൈദ്യുതിമന്ത്രാലയവും അനുമതി നൽകാതെ നീട്ടിക്കൊണ്ടുപോകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നീട്ടിക്കൊണ്ടുപോകുന്നതിനുള്ള കാരണം എന്തെന്നു സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ; കാരണം എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ റെയിൽവേ പാതകളുടെ വൈദ്യുതീകരണ ത്തിന് റെയിൽവേ ബോർഡ് മുന്നോട്ടുവച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിബന്ധനകൾ സംസ്ഥാന സർക്കാർ അംഗീകരിച്ചി ട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ എറണാകുളം-തിരുവനന്തപുരം, ഷൊർണ്ണൂർ-മംഗലാപുരം റെയിൽവേ പാതകൾ വൈദ്യുതീകരിക്കുന്നതിന് നടപടി സ്വീക രിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ,

(എ)&(ബി) അങ്ങനെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തിരുവനന്തപുരം എറണാകുളം റെയിൽവേ പാതയുടെ വൈദ്യുതീകരണത്തിന് ഈ കൊല്ലത്തെ ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(സി)&(ഡി) ഈ വിവരം റെയിൽവേ വൈദ്യുതീകരണത്തിന്റെ ചീഫ് പ്രോജക്ട് മാനേജരിൽനിന്നും ലഭിച്ചിട്ടില്ല. ഇതിന് സതേൺ റെയിൽവേ ജനറൽ മാനേജരുമായി ബന്ധപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ റെയിൽവേ പാത കളുടെ വൈദ്യുതീകരണത്തിന് നടപടി സ്വീകരിക്കാൻ നിരവധി തവണ കേന്ദ്ര സർക്കാരിനോടും കേന്ദ്ര റെയിൽവേ മന്ത്രാലയത്തിനോടും കത്തുകൾ മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്. ഇനിയും ഈ കാര്യത്തിൽ സമ്മർദ്ദം ചെലുത്തു ന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്ത് തുടങ്ങിവച്ച പല വൈദ്യുതീകരണ പദ്ധതികളും പൂർത്തിയായിട്ടില്ല. കോയമ്പത്തൂർ-പാലക്കാട്, കോയമ്പത്തൂർ-എറണാകുളം, ഷൊർണ്ണൂർ-മംഗലാപുരം തുടങ്ങിയവയെല്ലാം പൂർത്തീകരിക്കുന്നതിന് ബഡ്ജറ്റിൽ വളരെ ചെറിയ സംഖ്യയാണ് നീക്കിവച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിൻമേൽ സമ്മർദ്ദം ചെലുത്തി സമയബന്ധിതമായി ഇവ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ആ കാര്യത്തിൽ വേണ്ട നടപടി സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സ്വീകരിക്കാൻ കഴിയുന്നത് സ്വീകരിക്കാം.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, ഇലക്ട്രിഫിക്കേഷൻ പൂർത്തിയായിട്ടുള്ള ചില പ്രദേശങ്ങളുണ്ട്. അവിടെ പ്രത്യേകമായി ഇലക്ട്രിക് ട്രെയിനുകൾ ഓടിക്കുന്നതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഈ പറഞ്ഞ ഈറോഡ്-കൊച്ചിൻ മേഖല പരിപൂർണ്ണമായും വൈദ്യുതീകരണം പൂർത്തിയായതിനു ശേഷം മാത്രമേ ആ കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയൂ എന്നാണ് എനിയ്ക്ക് തോന്നുന്നത്.

ശ്രീ. എം.എ. തോമസ് : സർ, തിരുവനന്തപുരം-എറണാകുളം റെയിൽവേ പാതയല്ലാതെ സംസ്ഥാനത്തെ ഏതെല്ലാം റെയിൽവേ പാതകളാണ് വൈദ്യുതീകരണത്തിന് ഗവൺമെന്റ് ആഗ്രഹിക്കുന്നത്?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, ഇപ്പോൾ നമ്മൾ കൊച്ചി-എറണാകുളം വരെയുള്ളത് ഏതാണ്ട് പൂർത്തിയാകാറായി. അതുകഴിഞ്ഞ് എറണാകുളം-തിരുവനന്തപുരത്തെ സംബന്ധിച്ച് നമ്മൾ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. അത് ഏതാണ്ട് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. മറ്റു നടപടികളായിട്ടില്ല. വിശദാംശം ഇപ്പോൾ പറയാൻ കഴിയില്ല.

ശ്രീ. ടി.എം. ജേക്കബ് : സർ, ഈ വൈദ്യുതീകരണത്തിന് സംസ്ഥാന ഗവൺമെന്റ് ഒരു പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് കൊടുത്തിട്ടില്ല എന്നുകേൾക്കുന്നു. അതു ശരിയാണോ? നമ്മുടെ പ്രയോറിറ്റി എന്താണ്? ഏതു സെക്ടറുകളിൽ ആദ്യമാദ്യം ചെയ്യുമെന്നാണ് നമ്മുടെ പ്രയോറിറ്റി?

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, കൊച്ചിവരെയുള്ളത് പൂർത്തീകരിച്ചതിനുശേഷമുള്ള പ്രയോറിറ്റി എറണാകുളം-തിരുവനന്തപുരം ആണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

8 (*262) റബ്ബർ കർഷകരെ സഹായിക്കുന്നതിന് സമർപ്പിച്ച പദ്ധതികൾ

ശ്രീ. എ.കെ. മണി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly